# യു.എ.ഇ. പ്രസിഡന്റുമായി പ്രധാനമന്ത്രിയുടെ കൂടിക്കാഴ്ച

ജൂലൈ 15, 2023

2023 ജൂലൈ 15-ന് പ്രധാനമന്ത്രി അബുദാബിയിൽ പ്രതിനിധി തലത്തിലും ഒറ്റയാൾ ചർച്ചകളിലും യു.എ.ഇ. പ്രസിഡന്റും അബുദാബി ഭരണാധികാരിയുമായ എച്ച്. എച്ച്. ഷെയ്ഖ് മുഹമ്മദ് ബിൻ സായിദ് അൽ നഹ്യാനുമായി കൂടിക്കാഴ്ച നടത്തി.

2. വ്യാപാരം, നിക്ഷേപം, ഫിൻടെക്, ഊർജം, പുനരുപയോഗം, കാലാവസ്ഥാ പ്രവർത്തനം, ഉന്നത വിദ്യാഭ്യാസം, ജനങ്ങളുമായുള്ള ബന്ധം എന്നിവയുൾപ്പെടെ ഉഭയകക്ഷി പങ്കാളിത്തത്തിന്റെ വിവിധ തലങ്ങൾ ഉൾക്കൊള്ളുന്ന വിപുലമായ ചർച്ചകൾ ഇരു നേതാക്കളും നടത്തി. പ്രാദേശികവും ആഗോളവുമായ വിഷയങ്ങളും ചർച്ചയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. മൂന്ന് സുപ്രധാന രേഖകൾ കൈമാറുന്നതിന് ഇരുനേതാക്കളും സാക്ഷ്യം വഹിച്ചു:

അതിർത്തി കടന്നുള്ള ഇടപാടുകൾക്കായി പ്രാദേശിക കറൻസികളുടെ (ഇന്ത്യൻ രൂപ - എ.ഇ.ഡി.) ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു ചട്ടക്കൂട് സ്ഥാപിക്കുന്നതിനായി ആർബിഐയും യു.എ.ഇ. സെൻട്രൽ ബാങ്കും തമ്മിലുള്ള ധാരണാപത്രം.

പേയ്മെന്റ്, സന്ദേശമയയ്ക്കൽ സംവിധാനങ്ങൾ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള ഉഭയകക്ഷി സഹകരണത്തിനായി ആർ.ബി.ഐ.-യും യു.എ.ഇ. സെൻട്രൽ ബാങ്കും തമ്മിലുള്ള ധാരണാപത്രം.

ഐ.ഐ.ടി. ഡൽഹി - അബുദാബി, യുഎഇ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾക്കായി ഇന്ത്യൻ വിദ്യാഭ്യാസ മന്ത്രാലയം, അബുദാബി വിദ്യാഭ്യാസ വിജ്ഞാന വകുപ്പ്, ഐ.ഐ.ടി. ഡൽഹി എന്നിവ തമ്മിലുള്ള ധാരണാപത്രം.

4. യോഗത്തിന് ശേഷം ഒരു സംയുക്ത പ്രസ്താവന പുറപ്പെടുവിച്ചു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചുള്ള പ്രത്യേക സംയുക്ത പ്രസ്താവനയും പുറത്തിറക്കി.

**അബുദാബി**

**ജൂലൈ 15, 2023**